**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കരുനാഗപ്പള്ളി നഗരസഭ — നിലവിലുള്ള 5 (അഞ്ച്) താൽക്കാലിക ശുചീകരണ തൊഴിലാളികളുടെ സേവനകാലാവധി 179 ദിവസത്തേയ്ക്ക് ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 1335/2018/തസ്വഭവ തിരുവനന്തപുരം, തീയതി : 14/05/2018

പരാമർശം :
1) 22/04/1982 ലെ സ.ഉ.(എം.എസ്) നം.14/82/എൽ.ബി.ആർ.
2) 03/11/2006 ൽ സ.ഉ(സാധാ) 2748/2006/തസ്വഭവ.
3) 05/02/2014 ലെ സർക്കുലർ നം.25941/ജി2/2013/എൽ.ബി.ആർ.
4) 16/08/2017 ലെ സ.ഉ.(സാധാ) നം.2817/2017/തസ്വഭവ.
5) 19/04/2018 ലെ ഇയു3/110/2018/തസ്വഭവ നമ്പർ സർക്കാർ കത്ത്.
6) കരുനാഗപ്പള്ളി നഗരസഭാ ചെയർപേഴ്സണന്റെ 03/05/2018 തീയതിയിലെ കത്ത്

## ഉത്തരവ്

കരുനാഗപ്പള്ളി നഗരസഭയിൽ ശുചീകരണപ്രവർത്തനങ്ങൾക്കായി താൽക്കാലികമായി നിയമിക്കപ്പെട്ട 5 ജീവനക്കാരുടെ സേവനകാലാവധി പരാമർശം (4) പ്രകാരം 179 ദിവസത്തേയ്ക്ക് ദീർഘിപ്പിച്ചിരുന്നുവെന്നും ടി ജീവനക്കാരുടെ സേവനകാലാവധി 26/11/2017 ൽ അവസാനിച്ചുവെന്നും, നഗരസഭയിലെ വർദ്ധിച്ചുവരുന്ന മാലിന്യനിർമ്മാർജ്ജന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ടി ജീവനക്കാരുടെ സേവനകാലാവധി 27/11/2017 മുതൽ വീണ്ടും ദീർഘിപ്പിച്ചുനൽകുന്നതിനുവേണ്ടി അപേക്ഷിച്ചുവെങ്കിലും പരാമർശം (5) ലെ കത്തു പ്രകാരം നഗരകാര്യ ഡയറക്ടറുടെ ശിപാർശ പുനഃപരിശോധിച്ച് സമർപ്പിക്കുവാൻ നിർദ്ദേശിച്ചുവെന്നും, നഗരസഭയുടെ ശുചീകരണ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന്റെ അവസാനഘട്ടത്തിലായതിനാലും ടി മേഖലയിലുള്ള നഗരസഭയുടെ വിവിധ പ്രോജക്ടുകൾ നടന്നുകൊണ്ടിരിക്കുന്നതിനാലും, 27/11/2017 മുതൽ ടി താൽക്കാലിക ജീവനക്കാരുടെ സേവനകാലാവധി 6 മാസക്കാലയളവിലേയ്ക്കുകൂടി മാത്രം ദീർഘിപ്പിച്ചുനൽകണമെന്ന് പരാമർശം (5) പ്രകാരം നഗരസഭാ ചെയർപേഴ്സൺ സർക്കാരിനോട് അഭ്യർത്ഥിച്ചു.

2) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 224(1) പ്രകാരം കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ നിയമനാധികാരം അതാത് നഗരസഭാ കൗൺസിലുകളിൽ നിക്ഷിപ്തമാണ്. ഏതെങ്കിലും നഗരസഭകളിൽ നഗരസഭയുടെ വിസ്തീർണ്ണം, സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങളുടെ അളവ്, ജനസംഖ്യ, നഗരസഭയുടെ സാമ്പത്തികശേഷി എന്നിവ കണക്കിലെടുക്കുമ്പോൾ തൊഴിലാളികളുടെ എണ്ണം കുറവാണെന്നു കണ്ടാൽ അത്യാവശ്യം ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകുവാനുള്ള അധികാരം നഗരകാര്യ ഡയറക്ടർക്കു നൽകി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ സംസ്ഥാനത്തെ നഗരസഭകൾക്ക് ശുചീകരണ പ്രവർത്തനങ്ങൾക്ക് അവയുടെ സ്ഥിരം കണ്ടിൻജന്റ് ജീവനക്കാരുടെ കാര്യക്ഷമമായ സേവനം തികയാതെ വരുകയാണെങ്കിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീയുടെ സേവനം തേടാവുന്നതാണെന്നും കുടുംബശ്രീയുടെ സേവനവും പര്യാപ്തമാവാത്ത അനിവാര്യഘട്ടങ്ങളിൽ

മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രാദേശിക എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേന തിരഞ്ഞെടുത്ത ജീവനക്കാരെ ദിവസ വേതനത്തിന്റെ അടിസ്ഥാനത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്താവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

3) പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭ്യമാക്കുന്ന ലിസ്റ്റിൽ നിന്ന് നിയമിക്കുന്ന തൊഴിലാളികളെ ആദ്യം ബദൽ തൊഴിലാളികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും നഗരസഭകളിലെ സ്ഥിരം കണ്ടിജന്റ് ജീവനക്കാരായി ജോലി നോക്കുന്നവർക്കിടയിൽ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് ബദൽ തൊഴിലാളികളുടെ ലിസ്റ്റിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ കണ്ടിജന്റ് തസ്തികയിൽ നിയമനം നൽകി സ്ഥിരപ്പെടുത്തുകയും ചെയ്യുന്നതാണ് നിലവിലെ നിയമനരീതി.

4) മേൽപ്പറഞ്ഞതുകൂടാതെ, പി.എസ്.സി നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുമുള്ള നിയമനങ്ങൾക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായി പ്രയോജനപ്പെടുത്തണമെന്നും, അല്ലാത്തപക്ഷം വകുപ്പ് തലവൻമാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും പരാമർശം (3) ലെ സർക്കുലറിൽ കർശന നിർദ്ദേശമുണ്ട്.

5) പരാമർശം (5) പ്രകാരമുള്ള നഗരസഭാ ചെയർപേഴ്സണന്റെ കത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത്, പരാമർശം (1), (2), (3) ലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ഭാവിയിൽ കരുനാഗപ്പള്ളി നഗരസഭയിൽ പുതുതായി ശുചീകരണ വിഭാഗം തൊഴിലാളികളെ നിയമിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ട്, പുതിയ തൊഴിലാളികളെ നിയമിക്കുന്നതുവരെ ശുചീകരണപ്രവർത്തനങ്ങൾക്ക് ഭംഗം വരാതിരിക്കാനായി നിലവിലുള്ള 5 (അഞ്ച്) താൽക്കാലിക ശുചീകരണ തൊഴിലാളികളുടെ സേവനകാലാവധി 28/11/2017 മുതൽ 179 ദിവസത്തേയ്ക്കുകൂടിമാത്രം ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

6) മേൽപ്പറഞ്ഞതിലേക്കാവശ്യമായ ചെലവ് നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

വി.എസ്.സന്തോഷ്

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കരുനാഗപ്പള്ളി നഗരസഭ

ചെയർപേഴ്സൺ, കരുനാഗപ്പള്ളി നഗരസഭ

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ